11. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

12. സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

13. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 2005-06-ൽ 701 കോടി രൂപയായിരുന്നത് 2008-09-ൽ 1851 കോടി രൂപയായും 2009-10-ൽ 2284 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

116 (130) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ ;

(ബി) ഈ മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) എത്ര റേഷൻ കടകൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മാവേലിസ്റ്റോറിനുള്ള എത്ര അപേക്ഷകളിൻമേലാണ് ഇനിയും തീരുമാനം കൈക്കൊള്ളേണ്ടത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതു വിതരണവകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി :

1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും 2 രൂപ നിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതി നടപ്പിൽവരുത്തി.

2. മാവേലി ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു.

3. പൊതുജനങ്ങളുടെ സൗകര്യാർത്ഥം റേഷൻ കാർഡിനുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രം വഴി സ്വീകരിച്ചു തുടങ്ങി.

4. ബി. പി. എൽ. കുടുംബങ്ങൾക്ക് ഓണക്കാലത്ത് സൗജന്യ നിരക്കിൽ കിറ്റുകൾ വിതരണം ചെയ്തു.

(ബി) ഒരു മാവേലിസ്റ്റോർ കടവല്ലൂർ ആരംഭിച്ചു.

(സി) രണ്ട് പുതിയ റേഷൻ കടകൾ ആരംഭിച്ചു.

(ഡി) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly